**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീമതി. സൗദ.സി.എം, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 സോയിൽ സർവ്വേ ആന്റ് കൺസർവേഷൻ തിരുവനന്തപുരം- അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1069/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 28/05/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin
3. 30/01/2015 തീയതിയിലെ സ.ഉ(സാധാ) നം. 295/15/തസ്വഭവ
4. 11/08/2016 തീയതിയിലെ സ.ഉ(സാധാ) 2416/2016/തസ്വഭവ
5. 01/08/2018 തീയതിയിലെ സ.ഉ(സാധാ) 2652/2017/തസ്വഭവ
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08/10/2018-ലെ 2941/ഇ 1/17/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവ്വേഷൻ ഡയറക്ടറേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 ആയ ശ്രീമതി. സൗദ സി.എം. -നെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4), (5) പ്രകാരം ടിയാളുടെ അന്യത്രസേവനം 01/02/2018 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി **01/02/2018** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **02/02/2018** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം **(6)**-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവ്വേഷൻ ഡയറക്ടറേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-**2** ആയ ശ്രീമതി. സൗദ സി.എം. -ന്റെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ **(140** സി**)** പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായി **02/02/2018** മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**വി. നാഗേന്ദ്രൻ**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവ്വേഷൻ ഡയറക്ടർ മുഖേന)
സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവ്വേഷൻ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**